പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4821 | 24. 07.2015- ൽ മറുപടി നല്കേണ്ടത്: |
|---|---|

**നൂറനാട് ലെപ്രസി സാനറ്റോറിയത്തെ താലൂക്കാശുപത്രിയാക്കുന്നതിന് നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ആർ . രാജേഷ് | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | മാവേലിക്കര നൂറനാട് ലെപ്രസി സാനറ്റോറിയത്തിലെ അന്തേവാസികളെ തൃശ്ശൂർ കൊരട്ടിയിലെ ലെപ്രസി സാനറ്റോറിയത്തിലേക്ക് കൊണ്ടു പോകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | എ) | തീരുമാനമെടുത്തിട്ടില്ല. |
| ബി) | പ്രസ്തുതവിഷയവുമായി ബന്ധപ്പെട്ട് തൃശ്ശൂർ കളക്ടർ തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| സി) | നൂറനാട് ലെപ്രസി സാനറ്റോറിയത്തിലെ അന്തേവാസികളുടെ വിവരങ്ങൾ ആരോഗ്യവകുപ്പ് ശേഖരിച്ചിട്ടുള്ളത് ലഭ്യമാക്കുമോ; | സി) | നിലവിൽ 71 സ്ത്രീകളും 110 പുരുഷന്മാരും ഉൾപ്പെടെ 181 അന്തേവാസികളാണ് നൂറനാട് ലെപ്രസി സാനട്ടോറിയത്തിലുള്ളത്. അതിൽ 159 പേർ വികലാംഗർ ആണ്. അന്തേവാസികളിൽ 90% പേരും വൃദ്ധരാണ്. |
| ഡി) | വിവരശേഖരണം എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ; | ഡി) | നൂറനാട് ലെപ്രസി സാനട്ടോറിയം സൂപ്രണ്ട് നല്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. |

| | | | |
|---|---|---|---|
| ഇ) | ലെപ്രസിസാനറ്റോറിയം നൂറനാട് നില നിർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | ഇ) | കോഴിക്കോട് ജില്ലയിലെ ചേവായൂർ, ആലപ്പുഴയിലെ നൂറനാട് എന്നീ കേന്ദ്രങ്ങളിലെ അന്തേവാസികളെക്കൂടി കൊരട്ടി ഗാന്ധിഗ്രാം ആശുപത്രിയിൽ കൊണ്ടുവന്ന് സംരക്ഷിക്കാവുന്നതാണെന്ന ഒരു നിർദ്ദേശം തൃശ്ശൂർ ജില്ലാ കളക്ടർ സർക്കാരിലേക്ക് ലഭ്യമാക്കുകയും സർക്കാർ ഈ നിർദ്ദേശത്തിന്റെ പ്രായോഗികത പരിശോധിക്കുകയുമുണ്ടായി. പ്രസ്തുത നിർദ്ദേശം നിലവിലെ സാഹചര്യത്തിൽ പ്രായോഗികമല്ലെന്നും അന്തേവാസികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന ഒരു സാഹചര്യം സൃഷ്ടിക്കുമെന്നും വിലയിരുത്തിയിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് തുടർനടപടികൾ ഒന്നും തന്നെ സർക്കാർ തലത്തിൽ ഉണ്ടായില്ല. |
| എഫ്) | ലെപ്രസിസാനറ്റോറിയത്തെ താലൂക്കാശുപത്രിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എഫ് & ജി | ഇത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ജി) | ലെപ്രസിസാനറ്റോറിയത്തെ താലൂക്കാശുപത്രിയാക്കുന്നതിനായി ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്